പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 908 **14-10-2026-ൽ മറുപടിയ്ക്ക്**

അഞ്ചുതെങ്ങ് തീരസംരക്ഷണ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) അഞ്ചുതെങ്ങ് പ്രദേശത്ത് കടൽക്ഷോഭം മൂലം വീടുകളും ഭൂമിയും നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: അഞ്ചുതെങ്ങു പ്രദേശത്തു കടൽക്ഷോഭംമൂലം വീടുകളും ഭൂമിയും നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുള്ളതും ആയതു പരിഹരിക്കുന്നതിലേക്കായി 1.10 കോടി രൂപയുടെ "GENERAL-ISA/ASE-Urgent stabilisation of damaged seawall between CES-CP 218 to CP 226 on various locations at the North of Muthalapozhi, Poothura and Anjuthengu in Chirayinkeezhu Constituency-General Civil Work" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (PRICE ID: IRR/IA/EST/4496/2026_5_1_1) സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

കൂടാതെ മിഷൻ ഡയറക്ടേറ്റ് മുഖേന അഞ്ചുതെങ്ങ് പ്രദേശത്തു കടലാക്രമണം മൂലം വീടുകളും ഭൂമിയും നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലാക്കി പൂത്തുറ ഭാഗത്തു CP 220 മുതൽ CP 226 വരെ ഏകദേശം 1.4 km നീളമുള്ള തീരദേശം സംരക്ഷിക്കാനായി "Protection from 500 m towards north and 50 m towards south from AS No 220 at Poothura in Chirayinkeezhu constituency (CP 0220-CP 0226) എന്ന പ്രവൃത്തി ലോക ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ ഡിസൈൻ പുരോഗമിച്ചു വരികയാണ്.

(ബി) തീരസംരക്ഷണത്തിനായി നിലവിൽ അനുവദിച്ച പദ്ധതികളും തുകയും എത്രയാണ്; വിശദമാക്കാമോ;

മറുപടി: തീരസംരക്ഷണവുമായി ബന്ധപ്പെട്ട് പൂത്തുറ ഭാഗത്തു CP STONE 220-ന സമീപം 41 മീറ്റർ സംരക്ഷിക്കുന്നതിനായി "GENERAL-ISA/ASE/Shinkarathoppu -Reformation of a sea wall for a length of 41 M at Poothura from 5M North to AS stone 220 towards South-General Civil Work" എന്ന പ്രവൃത്തിയ്ക്ക് 40 ലക്ഷം രൂപയുടെയും (PRICE ID: IRR/IA/EST/1830/2025_5_1_1) ഇതിനു തുടർച്ചയായി 25 മീറ്റർ സംരക്ഷണത്തിനായി "GENERAL-ISA/ASE/POOTHURA-Reformation of damaged sea wall for a length of 25 m from 41m south of AS stone 220 at Poothura in Chirayinkeezhu Constituency-General Civil Work"എന്ന പ്രവൃത്തിയ്ക്ക് 24.80 ലക്ഷം രൂപയുടെയും (PRICE ID: IRR/IA/EST/5662/2025_5_1_1) പ്രവർത്തികൾ അനുവദിച്ചിട്ടുണ്ട്.

(സി) അതീവ അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തര തീരസംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>മറുപടി:</u> അതീവ അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തര തീര സംരക്ഷണത്തിനായി ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ താൽക്കാലിക കടൽഭിത്തി നിർമ്മിക്കുന്നതിന് "GENERAL-ISA/ASE/Emergency dumping /near Sacred Heart school-ASE Urgent construction of Core wall for a length of 30M Back side of Sacred Heart Convent English medium shool at Anjuthengu in Chirayinkeezhu constituency-General Civil Work" എന്ന പ്രവൃത്തിയുടെ 10.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (PRICE ID: IRR/IA/EST/4230/2026_5_1_1) തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും മുൻഗണനയും അനുസരിച്ച് പ്രവർത്തി നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ